(ബി) കെ. എസ്. ആർ. ടി. സി. യിൽ ഏറ്റവും ഒടുവിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയതെന്നാണ്;

(സി) കെ. എസ്. ആർ. ടി. സി. ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നുണ്ടോ;

(ഡി) എങ്കിൽ അതു സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഇ) കെ. എസ്. ആർ. ടി. സി. ജീവനക്കാരുടെ ശമ്പളപരിഷ്കരണ നടപടികൾക്ക് കാലവിളംബം നേരുകയാണെങ്കിൽ ജീവനക്കാർക്ക് ഇടക്കാലാശ്വാസം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി. ജീവനക്കാരുമായി ഉണ്ടാക്കുന്ന ദീർഘകാല കരാറിന്റെ കാലാവധി തീരുന്ന മുറയ്ക്കാണ് അടുത്ത കരാർ ഉണ്ടാക്കുന്നത്. നിലവിലുള്ള ദീർഘകാല കരാറിന്റെ കാലാവധി 5 വർഷമാണ്.

(ബി) കെ. എസ്. ആർ. ടി. സി. യിൽ അവസാനമായി ശമ്പളപരിഷ്കരണം നടപ്പിലാക്കിയത് 13-4-1999-ലെ ദീർഘകാല കരാർ പ്രകാരമാണ്.

(സി) ശമ്പളം പരിഷ്കരിക്കുന്നതിനെക്കുറിച്ച് ആലോചന ഒന്നും തുടങ്ങിയിട്ടില്ല.

(ഡി) ഇതിനെ സംബന്ധിച്ച നടപടികൾ തുടങ്ങിയിട്ടില്ല.

(ഇ) കെ. എസ്. ആർ. ടി. സി. കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നതിനാൽ ഇപ്പോൾ ഇടക്കാലാശ്വാസം അനുവദിക്കാൻ നിർവ്വാഹമില്ല.

കെ. എസ്. ആർ. ടി. സി. യിൽ പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം നൽകാൻ നടപടി

70 [1395] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽനിന്നും പെൻഷൻ പറ്റുന്ന ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്താണ് ഇതിന് കാരണമെന്ന് വ്യക്തമാക്കുമോ;

(ബി) പെൻഷൻ ആനുകൂല്യങ്ങൾ കിട്ടാത്തവരുടെ എണ്ണം ജില്ല തിരിച്ചു വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് നിലവിലുള്ള പരാതികൾ പരിഹരിച്ച് ആനുകൂല്യങ്ങൾ യഥാസമയം നൽകാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി.യിൽ ഇപ്പോൾ നിലവിലുള്ള സാമ്പത്തിക പരിമിതികാരണം പെൻഷൻപറ്റി പിരിയുന്ന ജീവനക്കാർക്ക് കാലതാമസം കൂടാതെ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ സാധിക്കുന്നില്ല. എന്നാൽ പ്രതിമാസപെൻഷൻ കാലതാമസം കൂടാതെ നൽകുന്നുണ്ട്. മറ്റ് ആനുകൂല്യങ്ങൾ പെൻഷൻ പറ്റുന്ന തീയതിയുടെ മുൻഗണന അനുസരിച്ച് ബഹു. ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം നൽകിവരുന്നു.

(ബി) ആകെ 6264 ജീവനക്കാർക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യാനുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	-	212
കൊല്ലം	-	568
ആലപ്പുഴ	-	497
എറണാകുളം	-	671
പത്തനംതിട്ട	-	202
കോട്ടയം	-	579
ഇടുക്കി	-	34
തൃശ്ശൂർ	-	332
പാലക്കാട്	-	210
കോഴിക്കോട്	-	355
കണ്ണൂർ	-	142
കാസർഗോഡ്	-	150
വയനാട്	-	159
മലപ്പുറം	-	238
ആകെ		6264

(സി) ബഹു. ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം പ്രതിദിന വരുമാനത്തിന്റെ 10% പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് ഇപ്പോൾ വിനിയോഗിക്കുന്നു. സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരമാവധി കാലതാമസം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly